# ഭരണഭാഷ - മാതൃഭാഷ

Office of the Principal, Govt. Engineering College,
Sreekrishnapuram

നമ്പർ. C4/5021/21/GECSKP

തീയതി: 19.11.2021

**<u>സർക്കുലർ</u>**

വിഷയം:- സർക്കാർ എൻജിനിയറിങ് കോളേജ്, ശ്രീകൃഷ്ണപുരം- കേന്ദ്ര സർക്കാരിൻറെ വിവിധ സ്കോളർഷിപ്പുകൾക്ക് - അപേക്ഷിക്കുന്നത് - (ഫ്രെഷ് & റിന്യൂവൽ)- സംബന്ധിച്ച്

സൂചന :- നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (www.scholarships.gov.in) ലഭ്യമായ വിവരങ്ങൾ

2021-22 അധ്യയന വർഷത്തേക്ക് കേന്ദ്രസർക്കാരിൻറെ വിവിധ സ്കോളർഷിപ്പുകൾക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (www.scholarships.gov.in) വഴി അപേക്ഷ സമർപ്പിക്കാനുള്ള **അവസാന തീയ്യതി 2021 നവംബർ 30** ആണ്.

വിദ്യാർത്ഥികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ സന്ദർശിച്ച് തങ്ങളുടെ യോഗ്യതയ്ക്കനുസരിച്ചുള്ള സ്കോളർഷിപ്പിന് അപേക്ഷിക്കാൻ താല്പര്യപ്പെടുന്നു. പ്രധാന സ്കോളർഷിപ്പുകളെ സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ അനുബന്ധം 1 - പട്ടികയിൽ കൊടുത്തിരിക്കുന്നു. വിശദമായ വിവരങ്ങളും പട്ടികയിൽ പ്രസ്താവിച്ചിട്ടില്ലാത്ത സ്കോളർഷിപ്പുകളെ സംബന്ധിച്ചും പോർട്ടലിൽ ലഭ്യമായ മാർഗനിർദേശങ്ങൾ വായിച്ച് മനസ്സിലാക്കി അപേക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

**<u>പുതുതായി അപേക്ഷിക്കുന്നവർ (Fresh applicants) താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.</u>**

1. പോർട്ടലിൽ അപേക്ഷയോടൊപ്പം ചേർക്കേണ്ട സാക്ഷ്യപത്രം (Bonafide certificate ) ലഭിക്കുന്നതിനു വേണ്ടി ആയതിൻറെ പ്രോഫോർമ/ഫോർമാറ്റ് പോർട്ടലിൽ നിന്ന് ഡൌൺലോഡ് ചെയ്ത് അപേക്ഷ സഹിതം അതാത് ക്ലാസ് ട്യൂട്ടർ/വകുപ്പ് മേധാവിമാർക്ക് നേരിട്ടോ ഈ-മെയിൽ മുഖാന്തിരമോ നൽകേണ്ടതാണ്.
2. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സ്കാൻ ചെയ്ത് അപ് ലോഡ് ചെയ്യേണ്ടതാണ്.

    1. ഫോട്ടോ
    2. വരുമാന സർട്ടിഫിക്കറ്റ്
    3. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
    4. ഈ അദ്ധ്യയന വർഷം അടച്ച ഫീ രസീതിയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
    5. ബാങ്ക് പാസ്സ് ബുക്കിൻറെ ഒന്നാം പേജിൻറെ (അക്കൌണ്ട് നമ്പർ, ഐ.എഫ്.എസ്. കോഡ് തുടങ്ങിയവ ഉൾപ്പെടുന്നത്) സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
    6. റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് / ഹോസ്റ്റൽ അന്തേവാസിയാണെ ങ്കിൽ അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
    7. ആധാർ കാർഡിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
    8. കോളേജിൽ നിന്ന് ലഭിച്ച സാക്ഷ്യ പത്രം ( Bonafide Certificate)
    9. അപേക്ഷിക്കുന്ന സ്കോളർഷിപ്പിന് ആവശ്യമായ പ്രത്യേക രേഖകൾ ( ഉദാ: എം.സി.എം സ്കോളർഷിപ്പിന് വേണ്ട ജാതി/കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, സാക്ഷം സ്കോളർഷിപ്പിന് വേണ്ട ഭിന്നശേഷി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് തുടങ്ങിയവ)

3. പോർട്ടലിൽ അപേക്ഷ സമർപ്പിച്ച ശേഷം അതിൻറെ പ്രിൻറ് ഔട്ട്, ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം പരിശോധനയ്ക്കായി നേരിട്ടോ ഈ-മെയിൽ മുഖാന്തിരമോ ക്ലാസ് ട്യൂട്ടർ/വകുപ്പ് മേധാവി വഴി കോളേജിൽ സമർപ്പിക്കേണ്ടതാണ്. (രേഖകൾ പരിശോധനയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയ്യതി 10.12.2021)

**<u>പുതുക്കിയ അപേക്ഷ സമർപ്പിക്കുന്ന വിദ്യാർഥികൾ (Renewal Applicants) താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.</u>**

1. പോർട്ടലിൽ അപേക്ഷയോടൊപ്പം ചേർക്കേണ്ട സാക്ഷ്യപത്രം (Bonafide certificate )/ പ്രൊമോഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു വേണ്ടി ആയതിൻറെ പ്രോഫോർമ/ഫോർമാറ്റ് പോർട്ടലിൽ നിന്ന് ഡൌൺലോഡ് ചെയ്ത് അപേക്ഷ സഹിതം അതാത് ക്ലാസ് ട്യൂട്ടർ/വകുപ്പ് മേധാവിമാർക്ക് നേരിട്ടോ ഈ-മെയിൽ മുഖാന്തിരമോ അയച്ചു നൽകേണ്ടതാണ്.
2. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സ്കാൻ ചെയ്ത് അപ് ലോഡ് ചെയ്യേണ്ടതാണ്.

Draft #1 of File C4/5021/21/GECSKP Approved by Principal on 19-Nov-2021 01:02 PM - Page 1

1. കോളേജിൽ നിന്ന് ലഭിച്ച സാക്ഷ്യ പത്രം ( Bonafide Certificate)/ പ്രമോഷൻ സർട്ടിഫിക്കറ്റ്.
2. മുൻ വർഷത്തെ ഗ്രേഡ് കാർഡ് സ്വയം സാക്ഷ്യപ്പെടുത്തിയത്.
3. ഈ അദ്ധ്യയന വർഷം അടച്ച ഫീ രസീതിയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

3. പോർട്ടലിൽ അപേക്ഷ സമർപ്പിച്ച ശേഷം അതിൻറെ പ്രിൻറ് ഔട്ട്, ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം പരിശോധനയ്ക്കായി നേരിട്ടോ ഈ-മെയിൽ മുഖാന്തിരമോ ക്ലാസ് ട്യൂട്ടർ/വകുപ്പ് മേധാവി വഴി കോളേജിൽ സമർപ്പിക്കേണ്ടതാണ്. (രേഖകൾ പരിശോധനയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയ്യതി 10.12.2021).

ഒരു വിദ്യാർത്ഥിക്ക് ഒരു സ്കോളർഷിപ്പിന് മാത്രമാണ് അപേക്ഷിക്കാൻ സാധിക്കുക. മതിയായ രേഖകൾ ഇല്ലാതെ പരിശോധനയ്ക്ക് സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. സംശയങ്ങൾക്കും കൂടുതൽ വിവരങ്ങൾക്കും കോളേജിലെ സ്കോളർഷിപ്പ് (C4) സെക്ഷനുമാ യി ബന്ധപ്പെടുക (Mob: 9567055594).

<u>അനുബന്ധം</u>:
1) പ്രധാന കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകളുടെ സംക്ഷിപ്ത വിവരങ്ങൾ അടങ്ങിയ പട്ടിക

**ഡോ.പി. സി .രഘുരാജ് .**
പ്രിൻസിപ്പൾ

സ്വീകർത്താവ്
1. വെബ് അഡ്മിനിസ്ട്രേറ്റർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ)
2. എല്ലാ വകുപ്പ് മേധാവിമാർക്കും
3. നോട്ടീസ് ബോർഡിൽ പതിയ്ക്കാൻ (2 കോപ്പി)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #1 of File C4/5021/21/GECSKP Approved by Principal on 19-Nov-2021 01:02 PM - Page 2

Draft #1 of File C4/5021/21/GECSKP Approved by Principal on 19-Nov-2021 01:02 PM - Page 3

# Important Central Governmant Scholarships for Engineering Students

(Prepared only for a primary reference for students; for details, checking the respective Guidelines is advised)

| Sl.No. | Name of the Scholarship | Issuing Authority/Ministry | Eligibility | Mode of Application (Fresh) | Mode of Application (Renewal) |
|---|---|---|---|---|---|
| 1 | Merit Cum Means Scholarship For Professional and Technical Courses **(MCM)** | Ministry of Minority Affairs | Students belong to **Minority category** who have secured **not less than 50% marks** or equivalent grade in the previpus final examination and the annual income of whose parents/guardians from all sources does not exceed **Rs.2.5 Lakhs.** | apply online on the website www.scholarships.gov.in | Those students already receiving the scholarship can apply for renewal on www.scholarships.gov.in with previous year's grade card and current fee receipt (**50% or above in the previous year** examination is mandatory) |
| 2 | CENTRAL SECTOR SCHEME OF SCHOLARSHIPS FOR COLLEGE AND UNIVERSITY STUDENTS (**CSS**) | Department of Higher Education | Students who have secured **80% or above in 12th class examinations** and persuing regular course in colleges recognized by AICTE | National Scholarship Portal (NSP) www.scholarships.gov.in | Those students already receiving the scholarship can apply for renewal on www.scholarships.gov.in with previous year's grade card and current fee receipt (**50% or above in the previous year** examination is mandatory) |
| 3 | **PRAGATI** SCHOLARSHIP SCHEME FOR GIRL STUDENTS ( TECHNICAL DEGREE) | All India Council for Technical Education (AICTE) | **Girl student** admitted to 1st year or 2nd year (Lateral Entry) and with an annual family income not greater than **Rs. 8 Lakhs**. Maximum 2 girl children from a family are eligible. | National Scholarship Portal (NSP) www.scholarships.gov.in | Those students already receiving the scholarship can apply for renewal on www.scholarships.gov.in with previous year's grade card and current fee receipt (Promotion certificate is mandatory) |
| 4 | **SAKSHAM** SCHOLARSHIP SCHEME FOR SPECIALLY ABLED STUDENT ( TECHNICAL DEGREE) | All India Council for Technical Education (AICTE) | **Specially abled students** with disability not less than 40% admitted to 1st year or 2nd year (Lateral Entry) with an annual family income not greater than **Rs. 8 Lakhs.** | National Scholarship Portal (NSP) www.scholarships.gov.in | Those students already receiving the scholarship can apply for renewal on www.scholarships.gov.in with previous year's grade card and current fee receipt (Promotion certificate is mandatory) |
| 5 | AICTE – **SWANATH** SCHOLARSHIP SCHEME ( TECHNICAL DEGREE) | All India Council for Technical Education (AICTE) | Orphan (or) Either or both **parents died due to Covid19** (or) Wards of Armed Forces and Central Para Military Forces martyred in action of 1st/2nd/3rd/4th year whose annual income is not greater than Rs.8 lakhs. | National Scholarship Portal (NSP) www.scholarships.gov.in | Not applicable (Introduced in 2021-22) |